# نصيحة الجمعة

تحت إشراف جمعية العلماء لجنوب كيرلا، كلّم ، الهند
(Dakshina Kerala Jam-iyyathul Ulama, Kollam, Kerala)
للأستاذ المولوي سي. اي .موسي الباقوي القاسمي :

**തീയതി: 29/09/2017** **വിഷയം: മാനഹാനി അരുത്.**

മുഅ്മിനീങ്ങളോടുള്ള ബാധ്യതകളെ കുറിച്ചാണ് നാം പറഞ്ഞ് വരുന്നത്.

- മുഹർറം മാസത്തിന്റെ പുണ്യദിനങ്ങളിലാണ് നാമുള്ളത്. പവിത്രമായ 4 മാസങ്ങളിൽ പ്രഥമമാസമാണത്. കലണ്ടർ പ്രകാരം മാത്രമല്ല., പദവിയിലും അത് ഒന്നാം മാസമാണ്.

أَفْضَلُ الشُّهُورِ للصّومِ بَعْدَ رَمَضَانَ الْأَشهُرُ الْحُرُمُ وَأَفْضَلُهَا الْمُحَرَّمُ

(شرواني)

മുഹർറമിൽ തന്നെ ഏറ്റവും ശ്രേഷ്ഠം 9,10 ദിവസങ്ങളാണ്. അതിൽ നോമ്പെടുക്കൽ പ്രബല സുന്നത്താണ്.

- ഈ മാസത്തിന്റെ പവിത്രതയുടെ അടയാളമാണ് യുദ്ധം മാറ്റി വെക്കുന്നു എന്നത്. അഥവാ യുദ്ധം തുടങ്ങൽ ഹറാമാണ്.

يَسْأَلُونَكَ عَنِ الشَّهْرِالْحَرَامِ قِتَالٍ فِيهِ قُلْ قِتَالٌ فِيهِ كَبِيرٌ ﴿البقرة﴾

തെറ്റുകുറ്റങ്ങളെ ഒഴിവാക്കി ജീവിതം പരിശുദ്ധമാക്കലും ആ പവിത്രതയുടെ ഭാഗമാണ്.

فَلَا تَظْلِمُوا فِيهِنَّ أَنفُسَكُمْ ﴿توبة: ٣٦﴾

ചുരുക്കത്തിൽ യുദ്ധവും തിന്മകളും ഉപേക്ഷിച്ചുകൊണ്ട് ഈ മാസങ്ങളെ ആദരിക്കണമെന്നാണ് അല്ലാഹു പറയുന്നത്.

- ഇതേ പവിത്രത അല്ലാഹുവും റസൂലും കൽപ്പിച്ചു കൊടുത്ത വിഭാഗമാണ് സത്യവിശ്വാസികൾ. ഇത് പക്ഷേ ആ നിലക്ക് നാം മനസ്സിലാക്കുന്നില്ല.

قال النَّبِيِّ (ص) فَإِنَّ دِمَاءَكُمْ وَأَمْوَالَكُمْ حَرَامٌ عَلَيْكُمْ كَحُرْمَةِ يَوْمِكُمْ

هَذَا، فِي شَهْرِكُمْ هَذَا، فِي بَلَدِكُمْ هَذَا (أحمد)

ഇവിടെ പവിത്ര സ്ഥലം, ദിവസം (അറഫ), മാസം പോലെ പവിത്രമാണ്, വിശ്വാസിയുടെ രക്തം, ധനം, മാനം എന്ന് വ്യക്തമായി പറഞ്ഞിരിക്കുന്നു.

عَنْ أَنَسِ بْنِ مَالِكٍ ، قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ مَنْ صَلَّى صَلاَتَنَا وَاسْتَقْبَلَ قِبْلَتَنَا ، وَأَكَلَ ذَبِيحَتَنَا فَذَلِكَ المُسْلِمُ الَّذِي لَهُ ذِمَّةُ اللَّهِ وَذِمَّةُ رَسُولِهِ ،فَلاَ تُخْفِرُوا اللَّهَ فِي ذِمَّتِهِ(بخاري)

(=നമ്മുടെ നിസ്കാരം നിർവ്വഹിക്കുന്ന ഖിബ്‌ലയിലേക്ക് തിരിയുന്ന, നാം അറുത്തത് ഭക്ഷിക്കുന്നവർ അല്ലാഹുവിന്റെയും റസൂലിന്റെയും ''രക്ഷാകരാർ'' ലഭിച്ചവരാണ്. അക്കാര്യത്തിൽ അല്ലാഹുവിനെ നിങ്ങൾ വഞ്ചിക്കരുത്)

قال القاري: لَا تَخُونُوا اللهَ فِي عَهْدِهِ وَلَا تَتَعَرَّضُوا فِي حَقِّهِ مِنْ مَالِهِ وَدَمِهِ وَعِرْضِهِ (عمدة القاري)

(=സത്യവിശ്വാസിയുടെ ജീവൻ, സ്വത്ത്, അഭിമാനം എന്നിവ സംരക്ഷിക്കപ്പെടേണ്ടവയാണെന്ന അല്ലാഹുവിന്റെ കരാറിൽ നിങ്ങൾ അവനെ വഞ്ചിക്കരുത്. അതിൽ കയ്യേറ്റം നടത്തുകയും അരുത്.)

➢ ഒരു മുസ്‌ലിമിനെ മാനം കെടുത്തുന്ന എല്ലാത്തരം വാക്കുകളും പ്രവർത്തികളും ദീനിൽ കടുത്ത തിന്മയാണ്.

عن عَبْدَ اللهِ بْنَ سَلَامٍ قَالَ: الرِّبَا سَبْعُونَ حُوبًا، أَدْنَاهَا فَجْرَةً مِنْهُ مِثْلُ أَنْ يَضْطَجِعَ الرَّجُلُ مَعَ أُمِّهِ، وَأَرْبَى الرِّبَا إِسْتِطَالَةُ الْمَرْءِ فِي عِرْضِ أَخِيهِ الْمُسْلِمِ. (بيهقي، وصححه المقدسي)

(= പലിശക്ക് 7 ശിക്ഷയുണ്ട്. അതിൽ ചെറുത് ചെയ്യുന്നവൻ അമ്മയോടൊപ്പം ശയിക്കുന്നവനെ പോലെയാണ്, എന്നാൽ ഏറ്റവും വലിയ പലിശക്കാരൻ തന്റെ സഹോദരന്റെ മാനം കെടുത്തുന്നവനാണ്)

➢ സമൂഹം ആദരിക്കേണ്ട സാദാത്തുകൾ, നേതാക്കൾ, ഉലമാക്കളെ കുറിച്ചാകുമ്പോൾ ഇത് പിന്നെയും ഗുരുതരമാകും.

قال الحافظ ابن عساكر رحمه الله : إِعْلَمْ أَخِي وَفَّقَنَا اللهُ وَإياكَ لِمرضَاتِهِ وَجَعَلَنا مِمَّنْ يَخْشَاهُ وَيَتَّقِيهِ حَقَّ تُقَاتِهِ، إِنَّ لُحُومَ الْعُلَمَاءِ مَسْمُومَةٌ ، وَعَادَةَ اللهِ فِي هَتْكِ أَسْتَارِ مُنْتَقْصِيهِمْ مَعْلُومَةٌ، فَإِنَّ مَنْ أَطْلَقَ لِسَانَهُ فِي الْعُلماءِ بِالسَّبِّ أَوْ الثَّلْبِ اِبْتَلَاهُ اللهُ قَبْلَ مَوْتِهِ بِموْتِ الْقَلْبِ(تبيين كذب المفترى).

(=പണ്ഡിതന്മാരുടെ മാംസം വിഷമാണ്. അവരെ ചെറുതാക്കുന്നവരിൽ അല്ലാഹുവിന്റെ നടപടി പ്രസിദ്ധമാണ്. ഒരാൾ ഉല മാക്കളെ ചീത്തവിളിക്കുകയോ ആക്ഷേപിക്കുകയോ ചെയ്താൽ ഹൃദയത്തിന്റെ വെളിച്ചം കെടുത്തികളയൽ കൊണ്ട് മരണത്തിന് മുമ്പ് അല്ലാഹു അവനെ പരീക്ഷിക്കും.)

وَقال الْإمامُ أحمدُ رحمه الله : لُحومُ الْعُلَمَاءِ مَسْمُومَةٌ مَنْ شَمَّهَا مَرِضَ ، وَمَنْ أَكَلَهَا مَاتَ (المعبد)

(=പണ്ഡിതന്മാരുടെ മാംസം വിഷമാണ്. അത് മണത്തവൻ രോഗിയാകും. കഴിച്ചവൻ മരിക്കും)

فَلْيَحْذَرِ الَّذِينَ يُخَالِفُونَ عَنْ أَمْرِهِ أَن تُصِيبَهُمْ فِتْنَةٌ أَوْ يُصِيبَهُمْ عَذَابٌ أَلِيمٌ﴿نور:٦٣﴾

➢ ഇന്ന് മോശമായ ചില സ്ഥിതിവിശേഷങ്ങൾ നടമാടുന്നുണ്ട്. സംഘടനാ വിരോധമാണ് കാരണം. ഇത് മഹാ വിപത്താണ്

1).വ്യക്തികളെ പോലെയാണ് സംഘടനകളെ ആക്ഷേപിക്കലും. പരലോകത്ത് നമ്മുടെ കർമ്മങ്ങൾ നഷ്ടപ്പെടാൻ കാരണമാകും.

عَنْ أَبِي هُرَيْرَةَ، أَنَّ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ، قَالَ: أَتَدْرُونَ مَا الْمُفْلِسُ؟ قَالُوا: الْمُفْلِسُ فِينَا مَنْ لَا دِرْهَمَ لَهُ وَلَا مَتَاعَ، فَقَالَ: إِنَّ الْمُفْلِسَ مِنْ أُمَّتِي يَأْتِي يَوْمَ الْقِيَامَةِ بِصَلَاةٍ، وَصِيَامٍ، وَزَكَاةٍ، وَيَأْتِي قَدْ شَتَمَ هَذَا، وَقَذَفَ هَذَا، وَأَكَلَ مَالَ هَذَا، وَسَفَكَ دَمَ هَذَا، وَضَرَبَ

هَذَا، فَيُعْطَى هَذَا مِنْ حَسَنَاتِهِ، وَهَذَا مِنْ حَسَنَاتِهِ، فَإِنْ فَنِيَتْ حَسَنَاتُهُ قَبْلَ أَنْ يُقْضَى مَا عَلَيْهِ أُخِذَ مِنْ خَطَايَاهُمْ فَطُرِحَتْ عَلَيْهِ، ثُمَّ طُرِحَ فِي النَّارِ.(مسلم)

2). നമ്മുടെ സംഘടനാ ശത്രുത മുതലാക്കി ഫാസിസം ഓരോന്നിനെയായി വിഴുങ്ങിക്കൊണ്ടിരിക്കും. സമുദായ നാശത്തിന് അതുവഴി നാം കാരണക്കാരാകും.

عَنْ عَبْدِ اللَّهِ بْنَ عُمَرَ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ الْمُسْلِمُ أَخُو الْمُسْلِمِ لَا يَظْلِمُهُ وَلَا يُسْلِمُهُ (بخاري)

(=മുസ്‌ലിം സഹോദരനെ ദ്രോഹിക്കരുത്. ശത്രുവിന് ഏൽപ്പി ച്ച് കൊടുക്കരുത്.) അഥവാ ഇന്നവർ രാജ്യദ്രോഹികൾ, നിരോധിക്കപ്പെടേണ്ടവർ, ശത്രുക്കൾ, കുഴപ്പക്കാർ, എന്നിങ്ങനെ നാം ആരോപിക്കുന്നത് ഫാസിസ്റ്റുകൾ മുതലെടുക്കാൻ ഇടവരും.

3). നബി(സ)യുടെ ഉമ്മത്ത് എന്ന നിലക്ക് ഒരോ മുസ്‌ലിമിനോടുമുള്ള ഗുണകാംക്ഷ നഷ്ടപ്പെടുന്നത് ആപത്കരമാണ്.

وَمِنْ عَلَامَاتِ حُبِّهِ لِلنَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ شَفَقَتُهُ عَلَى أُمَّتِهِ وَنُصْحُهُ لَهُمْ وَسَعْيُهُ فِي مَصَالِحِهِمْ وَرَفْعُ الْمَضَارِّ عَنْهُمْ كَمَا كَانَ صَلَّى اللَّهُ عَلَيْهِ وَسَلَّمَ بِالْمُؤْمِنِينَ رَءُوفًا رَحِيمًا (كتاب الشفا)

(=നബി(സ)യോടുള്ള സ്നേഹത്തിന്റെ ഭാഗമാണ് അവിടുത്തെ ഉമ്മത്തിനോടുള്ള കൃപയും ഗുണകാംക്ഷയും, അവരുടെ നന്മക്കായുള്ള പരിശ്രമവും അവരെതൊട്ട് അപകടത്തെ തടയലും. നബി(സ) അങ്ങിനെയായിരുന്നു).

അതുകൊണ്ട് സ്വന്തം പ്രസ്ഥാനങ്ങളിൽ ഉറച്ച് പ്രവർത്തി ക്കുമ്പോൾ തന്നെ മറ്റുള്ളവരെ പരസ്യമായി ആക്ഷേപിക്കാതിരിക്കാൻ കഴിയണം.

➢ ഫാസിസം വലിയ വിപത്താണ്. മുഹർറം 9,10 ദിവസ ങ്ങളിൽ നോമ്പുള്ളവരാകുക. ഹൃദയം തുറന്ന് പ്രാർത്ഥിക്കുക. മൂസാ(അ)നെ രക്ഷിച്ച, ഫറോവയെ വെള്ളം കുടിപ്പിച്ച ദിവസവും മാസവുമാണിത്. ഫാസിസത്തിനും ഭരണകൂട ഭീകരതക്കും എതിരെ മൂസാ നബി(അ)യുടെ ചരിത്രം ആവർത്തിക്കാനുള്ളതാണ്.

■